# Malayala Manorama

# 1 August 2018

# Idukki: Idukki dam, Shutter Opening, Agricultural Sector



# കണ്ണീരിന്റെ അണക്കെട്ട്

- വെള്ളമൊഴുകി കൃഷി നശിക്കുമെന്ന ഭീതിയിൽ കപ്പയും വാഴയും വെട്ടി വിറ്റ് കർഷകർ
- മൂപ്പെത്താത്തതിനാൽ കറിക്കായ്ക്കുപോലും ആവശ്യക്കാരില്ലെന്നു കർഷകർ

ചെറുതോണി (ഇടുക്കി) ● ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്താൻ ഒരുക്കം തുടങ്ങിയപ്പോൾ നട്ടു പരിപാലിച്ചു വളർത്തിയെടുത്ത കൃഷിയിനങ്ങൾ മൂപ്പെത്താതെ പിഴുതെടുക്കുന്ന തിരക്കിലാണു കർഷകർ. കപ്പയും ഇഞ്ചിയും കാച്ചിലുമെല്ലാം ഉള്ളതു മതിയെന്നുവച്ചു വിളവെടുക്കാമെങ്കിലും കുലച്ചുതുടങ്ങിയ ഏത്തനും ഞാലിയും അടക്കമുള്ള വാഴകൾ ഉപേക്ഷിക്കുകയല്ലാതെ നിർവാഹമില്ലെന്നാണു കർഷകർ ഒരേസ്വരത്തിൽ പറയുന്നത്.

ഓണവിപണി ലക്ഷ്യമിട്ടു കൃഷിയിറക്കിയതായിരുന്നു വാഴത്തോട്ടങ്ങളിൽ ഏറെയും. പെരിയാറിന്റെ തീരത്ത് ചെറുതോണി മുതൽ പാംബ്ല വരെയും ലോവർ പെരിയാറിന്റെ താഴ്‌വാരത്തുനിന്നു തട്ടേക്കണ്ണി വരെയുമുള്ള 40 കിലോമീറ്ററോളം ഭാഗത്തെ ഒട്ടേറെ കർഷകർക്കാണ് ഈ വർഷത്തെ അധ്വാനം നഷ്ടമാകുന്നത്.

## അണക്കെട്ടിനു മുകളിൽ കൺട്രോൾ റൂം പ്രവർത്തനം തുടങ്ങി

● ഡാം സുരക്ഷാ വിഭാഗം കൺട്രോൾ റൂം - ഫോൺ: 94960 11994

ചെറുതോണി ● ചെറുതോണി അണക്കെട്ടിനു മുകളിലെ മുറിയിൽ കൺട്രോൾ റൂം പ്രവർത്തനം തുടങ്ങി.

അണക്കെട്ടിൽനിന്ന് അപ്പപ്പോഴുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും അടിയന്തര തീരുമാനങ്ങൾ എടുക്കുന്നതിനുമാണിത്.

അണക്കെട്ടിൽനിന്നു തുറന്നുവിടേണ്ട വെള്ളത്തിന്റെ അളവ് തീരുമാനിക്കുന്നത് ഇവിടെയാണ്.

## 209 വീടുകൾക്ക് ജാഗ്രതാ നിർദേശം

ചെറുതോണി ● ഇടുക്കി അണക്കെട്ടിലെ ജലനിരപ്പുയരുന്ന പശ്ചാത്തലത്തിൽ അഞ്ചു വില്ലേജുകളിലെ 209 വീടുകൾക്കു ജില്ലാ ഭരണകൂടം ജാഗ്രതാ നിർദേശം അടങ്ങുന്ന നോട്ടിസ് നൽകി.

ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തിയാൽ ഈ വീടുകളിൽ വെള്ളം കയറുമെന്നു കണ്ടെത്തിയ സാഹചര്യത്തിലാണു നോട്ടിസ് കൈമാറിയത്. 209 വീടുകളിലായി 752 പേരാണു താമസിക്കുന്നത്.

## കാഴ്ചക്കാരെ തടയും, തിരിച്ചയയ്ക്കും: പൊലീസ്

ചെറുതോണി ● അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തുന്നതു കാണാൻ എത്തുന്നവരെ വഴിക്കുവച്ചു തടഞ്ഞു തിരിച്ചയയ്ക്കുമെന്നു പൊലീസ്.

അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തുന്ന ദിവസങ്ങളിൽ ഇടുക്കി റൂട്ടിൽ ഗതാഗതം നിയന്ത്രിക്കാനും ഇവിടേക്കു വരുന്ന സഞ്ചാരികളെ തടഞ്ഞ് അപ്പോൾത്തന്നെ തിരിച്ചയയ്ക്കാനുമാണു തീരുമാനമെന്ന് ഇടുക്കി ജില്ലാ പൊലീസ് മേധാവി കെ.ബി. വേണുഗോപാൽ പറഞ്ഞു.

## സുരക്ഷയ്ക്ക് 1000 പൊലീസുകാർ

ചെറുതോണി ● അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തുന്നതിനോടനുബന്ധിച്ചു സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 1000 പൊലീസുകാരെ ഇടുക്കി അണക്കെട്ടിന്റെ പദ്ധതി പ്രദേശത്തും സമീപത്തുമായി നിയോഗിക്കും.

മലയിൽ പെയ്ത മഴയിൽ നിറഞ്ഞ മലമ്പുഴ ഡാം. ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് ഇന്ന് ഡാം തുറക്കും. മലനിരകളും അണക്കെട്ടും പൂന്തോട്ടവും നിറഞ്ഞ മലമ്പുഴയുടെ ആകാശക്കാഴ്ച.